**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 365** **23-01-2025 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി പ്രകാരം ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് ഭവനം അനുവദിച്ചിട്ടുള്ളതെന്നും ഇവയുടെ ധനസഹായ തുകകൾ എത്രയാണെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഉള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ ? | (എ) | 15/01/2025 വരെ 1,47,859 പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്കും, 51,857 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ഭവനങ്ങൾ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നിർമ്മാണത്തിനായി നാല് ലക്ഷം രൂപ വീതവും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അകത്തും സമീപത്തും ദുർഘട പ്രദേശ ങ്ങളിലേയും ഭവന നിർമ്മാണത്തിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആറ് ലക്ഷം രൂപ വീതവുമാണ് ധനസഹായം അനുവദിക്കുന്നത്.<br><br>ചെലവഴിച്ചിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ഭവനം അനുവദിച്ചിട്ടുള്ളവരുടെ എണ്ണം | |
|---|---|---|
| | പട്ടിക ജാതി | പട്ടിക വർഗ്ഗം |
| തിരുവനന്തപുരം | 18264 | 2112 |
| കൊല്ലം | 16939 | 734 |
| പത്തനംതിട്ട | 7339 | 597 |
| ആലപ്പുഴ | 9140 | 283 |
| കോട്ടയം | 5454 | 801 |
| ഇടുക്കി | 6857 | 6778 |
| എറണാകുളം | 9041 | 875 |
| തൃശ്ശൂർ | 14772 | 454 |
| പാലക്കാട് | 19571 | 6496 |
| മലപ്പുറം | 19002 | 5106 |
| കോഴിക്കോട് | 11337 | 1288 |
| വയനാട് | 3556 | 15443 |
| കണ്ണൂർ | 3489 | 3920 |
| കാസറഗോഡ് | 3098 | 6970 |
| **ആകെ** | **147859** | **51857** |